**QP CODE: 22001502**

22001502

**Reg No** : .....................

**Name** : .....................

## M A DEGREE (CSS) EXAMINATION, JULY 2022

**First Semester**

M A MALAYALAM

**CORE - ML010104 - SAHITHYARACHANASANKETHANGAL**

2019 ADMISSION ONWARDS

2956F0A4

Time: 3 Hours | Weightage: 30

**Part A (Short Answer Questions)**

*Answer any **eight** questions.*

*Weight **1** each.*

1. പാട്ട് എന്ന സാഹിത്യരൂപത്തിൽ പ്രാസവ്യവസ്ഥയുടെ പ്രാധാന്യമെന്ത്?
2. ഖണ്ഡകാവ്യം, ഭാവഗീതം എന്നീ സാഹിത്യരൂപങ്ങൾ പരിചയപ്പെടുത്തുക.
3. ശബ്ദാർത്ഥങ്ങളുടെ സമന്വയമാണോ കവിതയിൽ സംഭവിക്കുന്നത്? അതോ അവ തമ്മിലുള്ള ഇടർച്ചയാണോ?പരിശോധിക്കുക.
4. വാസ്തവോക്തി അലങ്കാരമാകുമോ? സ്വമതം സ്ഥാപിക്കുക.
5. ശബ്ദാലങ്കാരം, അർത്ഥാലങ്കാരം എന്നിങ്ങനെയുള്ള വിഭജനത്തിന്റെ അടിസ്ഥാനമെന്ത്?
6. കാവ്യബിംബങ്ങളുടെ ധർമ്മം വിശദീകരിക്കുക.
7. 'എല്ലാ ആഖ്യാനവും ഒരുതരത്തിൽ ഉത്തമപുരുഷ രീതിയിലാണ് ' എന്ന് എഫ്. കെ. സ്റ്റാൻസെൽ നിരീക്ഷിക്കുന്നതെന്തുകൊണ്ട്?
8. പാരഡിക്ക് ആധുനികാനന്തര കവിതയിൽനിന്ന് രണ്ട് ഉദാഹരണങ്ങൾ എഴുതുക.
9. പുഷ്പിതാഗ്രയും അപരവക്ത്രയും ഒരക്ഷരത്തിന്റെ വ്യത്യാസത്തിലൂടെയാണ് വിഭിന്ന വൃത്തങ്ങളാകുന്നത് - സമർത്ഥിക്കുക.
10. ഭാഷാവൃത്തങ്ങളുടെ പ്രത്യേകതകൾ എന്തെല്ലാം?

(8×1=8 weightage)

**Part B (Short Essay/Problems)**

*Answer any **six** questions.*

*Weight **2** each.*

11. റൊമാൻസ്, നോവൽ എന്നിങ്ങനെയുള്ള പരമ്പരാഗത വിഭജനരീതിയെ പിൽക്കാല കഥാസാഹിത്യം അപ്രസക്തമാക്കുന്നുണ്ടോ? നിരീക്ഷിക്കുക.
12. തിരക്കഥാരചനയിൽ ശ്രദ്ധിക്കേണ്ട സംഗതികൾ എന്തെല്ലാം?

13. വസ്തുപ്രതിവസ്തുഭാവം, ബിംബപ്രതിബിംബഭാവം എന്നീ സങ്കല്പനങ്ങൾക്ക് മെറ്റഫർ, മെറ്റോണിമി എന്നീ പാശ്ചാത്യസങ്കല്പനങ്ങളുമായി എന്തെങ്കിലും ബന്ധമുണ്ടോ? പരിശോധിക്കുക.

14. 'കാവ്യഗുണങ്ങൾ ദോഷങ്ങളായും കാവ്യദോഷങ്ങൾ ഗുണങ്ങളായും വരാം' - സമർത്ഥിക്കുക.

15. പാശ്ചാത്യരുടെ ക്ലൈമാക്സിനെയും ഗർഭസന്ധിയെയും താരതമ്യംചെയ്യുക.

16. അവൈയക്തിക സിദ്ധാന്തവും ഒബ്ജക്റ്റീവ് കോറിലേറ്റീവും തമ്മിലുള്ള ബന്ധമെന്ത്?

17. വ്ലാഡിമർ പ്രോപ്പ് നാടോടിക്കഥകളെ വിശകലനം ചെയ്യുന്നതെങ്ങനെ?

18. സംസ്കൃതവൃത്തങ്ങൾ എന്തെന്ന് വിശദീകരിച്ച് അഞ്ച് സമവൃത്തങ്ങൾ പരിചയപ്പെടുത്തുക.

(6×2=12 weightage)

**Part C (Essay Type Questions)**

*Answer any **two** questions.*

*Weight **5** each.*

19. 'ഭാരതീയകാവ്യമീമാംസകർ ധ്വനിക്കും രസത്തിനുമാണ് പരമപ്രാധാന്യം നൽകിയത് '- വിശദീകരിക്കുക.

20. കവതയുടെ പഠനത്തിൽ ഭാഷാശാസ്ത്രത്തിനും ചിഹ്നശാസ്ത്രത്തിനുമുള്ള പങ്ക് മൈക്കേൽ റിഫറ്റേറിന്റെ പ്രധാന സങ്കല്പനങ്ങളെ അടിസ്ഥാനമാക്കി വിശദീകരിക്കുക.

21. ആഖ്യാനശാസ്ത്രത്തിന്റെ അടിസ്ഥാന സങ്കേതങ്ങൾ ഉദാഹരണസഹിതം വിശദമാക്കുക.

22. കവിതയിൽ വൃത്തവ്യവസ്ഥ പാലിക്കേണ്ടതുണ്ടോ? ആധുനികകവിതകളെ മുൻനിർത്തി ഉപന്യസിക്കുക.

(2×5=10 weightage)